**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 996** **12-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നത്; വ്യക്തമാക്കാമോ; | (എ) | 05-04-2018 ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം, 20-01-2024 ലെ സർക്കാർ ഉത്തരവ് (കൈ) നം. 3/2024/വനം, എന്നീ ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ച നിരക്കിലാണ് ഓരോ വ്യക്തിക്കും വന്യജീവി സംഘർഷം മൂലമുള്ള നഷ്ടപരിഹാരം നൽകിവരുന്നത്. ഇതു പ്രകാരം ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് ₹ 10.00 ലക്ഷമാണ് നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്. വനത്തിനു പുറത്ത് പാമ്പുകടിയേറ്റും തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണവും മൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ₹ 2.00 ലക്ഷം നഷ്ടപരിഹാരം നൽകുന്നു. |
| (ബി) | പ്രസ്തുത തുക നൽകുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | പ്രസ്തുത തുക നൽകുന്നതിൽ കുടിശ്ശിക വരുത്താറില്ല. എന്നാൽ അനന്തരാവകാശ സർട്ടിഫിക്കറ്റ്, ചികിത്സാ വിവരങ്ങൾ തുടങ്ങിയവ അടക്കമുള്ള മതിയായ രേഖകളുടെ അഭാവത്തിലും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലവുമുള്ള സാഹചര്യങ്ങളിലും പ്രസ്തുത തുക നൽകുന്നതിൽ കാലതാമസം നേരിടാറുണ്ട്. മേൽപ്പറഞ്ഞ പ്രകാരമുള്ള മതിയായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം യഥാസമയം വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത തുക എന്നത്തേക്ക് പൂർണ്ണമായി വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത തുക നൽകുന്നതിൽ കുടിശ്ശിക വരുത്താറില്ല. എന്നാൽ അനന്തരാവകാശ സർട്ടിഫിക്കറ്റ്, ചികിത്സാ വിവരങ്ങൾ തുടങ്ങിയവ അടക്കമുള്ള മതിയായ രേഖകളുടെ അഭാവത്തിലും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലവുമുള്ള സാഹചര്യങ്ങളിലും പ്രസ്തുത തുക നൽകുന്നതിൽ കാലതാമസം നേരിടാറുണ്ട്. മേൽപ്പറഞ്ഞ പ്രകാരമുള്ള മതിയായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം യഥാസമയം വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ